**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1278** **19-09-2025 - ൽ മറുപടിയ്ക്ക്**

**ശബരിമല റോഡുകളുടെ നവീകരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ കെ യു ജനീഷ് കുമാർ,<br>ശ്രീ എം എസ് അരുൺ കുമാർ,<br>ശ്രീ എം മുകേഷ് ,<br>ശ്രീ. എ. രാജ** | | **ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി)** | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം ശബരിമല പാക്കേജിൽ ഉൾപ്പെടുത്തി റോഡുകളുടെ നവീകരണത്തിനായി ഓരോ വർഷവും അനുവദിച്ച തുകയുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (എ) | അനുബന്ധം -1 ആയി ഉള്ളടക്കം ചെയ്യുന്നു. |
| (ബി) | 2011-2016 കാലയളവിലും 2016-2021 കാലയളവിലുമായി ശബരിമല പാക്കേജിൽ ഉൾപ്പെടുത്തി റോഡ് നവീകരണത്തിന് അനുവദിച്ച തുകയുടെ വിശദാംശം അറിയിക്കാമോ; | (ബി) | അനുബന്ധം -2 ആയി ഉള്ളടക്കം ചെയ്യുന്നു. |
| (സി) | ഇത്തവണത്തെ ശബരിമല മണ്ഡലകാലത്തിന് മുന്നോടിയായി പൊതുമരാമത്ത് വകുപ്പ് എന്തെല്ലാം മുന്നൊരുക്കങ്ങളാണ് നടത്തുന്നതെന്ന് വ്യക്തമാക്കാമോ? | (സി) | ശബരിമല മണ്ഡലകാലത്തിന് മുന്നോടിയായി പൊതുമരാമത്ത് വകുപ്പ് നടത്തേണ്ട ക്രമീകരണത്തെക്കുറിച്ച് ആലോചിക്കുവാൻ ആഗസ്റ്റ് 7 ന് പൊതുമരാമത്ത് വകുപ്പ് മന്ത്രിയുടെ അധ്യക്ഷതയിൽ ഉന്നതതല യോഗം ചേർന്നിരുന്നു. ശബരിമല പ്രവർത്തനങ്ങൾ എകോപിപ്പിക്കുന്നതിന് പ്രത്യേക കോർ ടീമിന് യോഗത്തിൽ രൂപം നൽകി. പൊതുമരാമത്ത് വകുപ്പ് സെക്രട്ടറിയുടെ നേതൃത്വത്തിലുള്ളതാണ് ഈ ടീം. ഓരോ ജില്ലകളിലും പ്രവൃത്തി വിലയിരുത്തുന്നതിനുള്ള ചുമതല ഓരോ ചീഫ് എഞ്ചിനീയർമാർക്ക് നൽകി. പദ്ധതികൾ പരിശോധിക്കുവാൻ പ്രത്യേക ഇൻസ്പെക്ഷൻ ടീമിനും രൂപം നൽകി. ജില്ലകളിൽ എല്ലാ വിംഗുകളുടെയും പ്രവൃത്തികൾ ഏകോപിപ്പിക്കുന്നതിന് നിരത്ത് വിഭാഗം എക്സിക്യൂട്ടിവ് എഞ്ചിനീയർമാരെയും ചുമതലപ്പെടുത്തി.<br><br>ശബരിമല പാതയിൽ ഉൾപ്പെടുന്ന ഐഡന്റിഫൈഡ് റോഡുകൾ, അദർ ഐഡന്റിഫൈഡ് റോഡുകൾ, ശബരിമല ലീഡിംഗ് റോഡുകൾ എന്നിവയിലെ പാലങ്ങൾ എല്ലാം ഗതാഗത യോഗ്യമാണ്. പാലങ്ങൾ വിഭാഗം കോട്ടയം കാര്യാലയത്തിന് കീഴിൽ ശബരിമല പാതയിലും ശബരിമല ലീഡിംഗ് |

റോഡുകളിലും ഉൾപ്പെടുന്ന 41 പാലങ്ങൾ ആണ് ഉള്ളത്. ഈ പാലങ്ങളിൽ, പ്രീ-മൺസൂൺ പ്രവൃത്തിയിൽ ഉൾപ്പെടുത്തി കാട് തെളിച്ച് വൃത്തിയാക്കുന്ന പ്രവൃത്തികൾ നടന്നുവരുന്നു. കൂടാതെ ബ്രിഡ്ജ് സേഫ്റ്റി പ്രവൃത്തികൾക്കുള്ള ക്രമീകരണവും ചെയ്തിട്ടുണ്ട്. ഹാൻഡ് റെയിൽ സംബന്ധമായ പ്രശ്നങ്ങൾ ബ്രിഡ്ജ് സേഫ്റ്റി പ്രവൃത്തികളിൽ ഉൾപ്പെടുത്തി പരിഹരിച്ചുവരുന്നു. എല്ലാ പ്രവൃത്തികളും മണ്ഡലകാലം ആരംഭിക്കുന്നതിന് മുൻപ് തന്നെ പൂർത്തിയാക്കാമെന്ന് പ്രതീക്ഷിക്കുന്നു. ‘SLTF - Urgent maintenance and painting of bridges in Sabarimala route - General CIVIL Work (AS amount 3.7 Lakhs)’ എന്ന പ്രവൃത്തിയിൽ ഉൾപ്പെടുത്തി ശബരിമല റൂട്ടിലെ പ്രധാന പാലങ്ങളായ കരിങ്കല്ലുമുഴി, കൊരട്ടി, മണ്ണാർക്കയം, ചിറ്റാർ, കുറുവാമൂഴി പാലങ്ങളുടെ painting maintenance പ്രവൃത്തികൾ പൂർത്തിയാക്കിയിട്ടുണ്ട്. കാളകെട്ടി മൂക്കൻപെട്ടി, പഴയിടം പാലങ്ങളുടെ കൈവരികൾ പ്രളയത്തിൽ തകരാറിലായത് പുനസ്ഥാപിക്കുന്ന പ്രവൃത്തി പൂർത്തിയാക്കിയിട്ടുണ്ട്. കൂടാതെ പത്തനംതിട്ട ജില്ലയിൽ ശബരിമല പാതയിലുള്ള പുതമൺ പാലത്തിന്റെ പുനർനിർമ്മാണം മണ്ഡലകാലത്തിന് മുന്നോടിയായി പൂർത്തീകരിച്ച് താൽകാലികമായി തുറന്നു കൊടുക്കുന്നതിനുള്ള നടപടിയും സ്വീകരിച്ച് വരുന്നു..

ശബരിമല മണ്ഡലകാലത്തിന് മുന്നോടിയായി പൊതുമരാമത്ത് കെട്ടിട വിഭാഗം പത്തനംതിട്ട എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയത്തിനു കീഴിൽ നാല് പ്രവൃത്തികൾ ടെൻഡർ ചെയ്ത് എഗ്രിമെന്റ് നടപടികൾ പുരോഗമിക്കുന്നു. അവയുടെ വിശദാംശങ്ങൾ അനുബന്ധം -3 ആയി ഉള്ളടക്കം ചെയ്യുന്നു.

ഇത് കൂടാതെ പൊതുമരാമത്ത് ദേശീയപാത വിഭാഗത്തിന്റെ കീഴിലായി, റോഡുകളുടെ സമഗ്ര പരിശോധന, റോഡുകളിൽ പാച്ചിങ് & റീസർഫേസിംഗ് പ്രവർത്തനങ്ങൾ, മഴക്കാലത്തെ വെള്ളക്കെട്ട് ഒഴിവാക്കുന്നതിനായി സൈഡ് ഡ്രയിൻ & കൽവർട്ട് ശുചീകരണം, സുരക്ഷിതമായ യാത്രയ്ക്കായി ബാരിക്കേഡുകൾ, റോഡ് സൈൻബോർഡുകൾ, സ്റ്റഡ്സ്, കാറ്റ്സ് എൈസ് എന്നിവ സ്ഥാപിക്കുക, വളവുകൾ, അപകട സാധ്യതയുള്ള സ്ഥലങ്ങൾ എന്നിവിടങ്ങളിൽ വാർണിംഗ് ബോർഡുകൾ സ്ഥാപിക്കുക, അപകട സാധ്യതയുള്ള പ്രദേശങ്ങളിൽ ഗാർഡ് റെയിൽ, ക്രാഷ് ബാരിയർ എന്നിവ സ്ഥാപിക്കുക, രാത്രി യാത്രക്കാർക്കായി റിഫ്ലക്ടീവ്

| | | | |
|---|---|---|---|
| | | | ബോർഡുകൾ സ്ഥാപിക്കുക എന്നിവ നടത്തിവരുന്നു. ഇതിനോടൊപ്പം പോലീസ്, ഫോറസ്റ്റ്, റവന്യൂ, മോട്ടോർ വെഹിക്കിൾ, ദേവസ്വം ബോർഡ് എന്നീ വകുപ്പുകളുമായി സമന്വയ യോഗങ്ങൾ നടത്തി റോഡുമായി ബന്ധപ്പെട്ട ആവശ്യങ്ങൾ പരിഹരിക്കുന്നു. |

സെക്ഷൻ ഓഫീസർ

**അനുബന്ധം –1**

| Year | Amount (in Crore) |
|---|---|
| 2021-22 | 224.97 |
| 2022-23 | 169.5342 |
| 2023-24 | 263.75 |
| | 92.014 |
| 2024-25 | 326.971 |
| | 30 |
| **Total** | **1107.24** |

**<u>അനുബന്ധം -2</u>**

| Year | Amount (in Crore) |
|---|---|
| 2011-12 | 122.05 |
| 2012-13 | 84.72 |
| 2013-14 | 155.89 |
| 2014-15 | 50 |
| 2015-16 | 85.54 |
| **Total I** | **498.2** |
| 2016-17 | 89.44 |
| 2017-18 | 140.76 |
| 2018-19 | 200.0 |
| 2019-20 | 224.24 |
| 2020-21 | 225 |
| **Total II** | **879.44** |

## അനുബന്ധം -3

| ക്രമ നം. | പ്രവൃത്തിയുടെ പേര് | തുക ലക്ഷത്തിൽ |
|---|---|---|
| 1 | Sabarimala Mandala Makarvilakku Festival season 2025-26- Annual maintenance work and urgent renovation works including partial replacement of damaged roof, ceiling for PWD camp shed at Sannidhanam | 9.0 Lakhs |
| 2 | Sabarimala Mandala Makaravilakku Festival 2025-26- Annual maintenance works and urgent renovation works and replacing damaged AC sheet roof with GI sheets, ceiling works for Health Inspector Office at Sannidhanam | 21.83 Lakhs |
| 3 | Sabarimala Mandala Makaravilakku Festival 2025-26- Annual maintenance works and urgent renovation works including partial replacement of damaged roof, ceiling for Homeo and Ayurveda Hospital at Sannidhanam | 16.6 Lakhs |
| 4 | General - Sabarimala Mandala Makaravilakku Festival 2025-26- Annual maintenance work and urgent renovation works in the existng Toilet Block in Police Control Room at Sannidhanan- Sabarimala-General Civil work | 14 Lakhs |
| | Total | 61.43 Lakhs |